പതിനഞ്ചാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2021-23)

## രണ്ടാമത് റിപ്പോർട്ട്

(2021 നവംബർ 3-ാം തീയതി സഭയിൽ സമർപ്പിച്ചത് )

[സമിതി (2014-16) യുടെ ആറാമത് റിപ്പോർട്ടിലെ (2013 ജൂൺ 1 മുതൽ 2015 സെപ്റ്റംബർ 30 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

# പതിനഞ്ചാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2021-23)

## രണ്ടാമത് റിപ്പോർട്ട്

(2021 നവംബർ 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2014-16) യുടെ ആറാമത് റിപ്പോർട്ടിലെ (2013 ജൂൺ 1 മുതൽ 2015 സെപ്റ്റംബർ 30 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ]

/home/likewise-open/NIYAMASABHA/fcp3a/Documents/PR.03.11.2021/NORKA/2021/Report /Facing Sheet/

# ഉള്ളടക്കം


| | പേജ് നമ്പർ |
|---|---|
| സമിതിയുടെ ഘടന | III |
| ആമുഖം | IV |
| റിപ്പോർട്ട് | 1-17 |

അനുബന്ധം:

1 ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയലുൾപ്പെട്ട വിഭാഗം 18-20

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2021-23)

## ഘടന

**അദ്ധ്യക്ഷൻ :-**

ശ്രീ. എ.സി. മൊയ്തീൻ എം.എൽ.എ.

**അംഗങ്ങൾ :-**

ശ്രീ. എ.കെ.എം. അഷ്റഫ്, എം. എൽ. എ.

ഡോ. കെ.ടി. ജലീൽ, എം. എൽ. എ.

ശ്രീ. മാണി സി. കാപ്പൻ, എം. എൽ. എ.

ഡോ. മാത്യു കുഴൽനാടൻ, എം. എൽ. എ.

ശ്രീ. പ്രമോദ് നാരായൺ, എം. എൽ. എ.

ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ.

ശ്രീ. കെ.എൻ.ഉണ്ണികൃഷ്ണൻ, എം. എൽ. എ.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം. എൽ. എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്.എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജാസ്മിൻ പി.എസ്., അണ്ടർ സെക്രട്ടറി

## ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി(2021-23)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പ്രവാസികൾ നേരിടുന്ന സങ്കീർണ്ണമായ നിരവധി പ്രശ്നങ്ങൾ സമിതി ആഴത്തിൽ പരിശോധിക്കുകയും അവയ്ക്ക് പരിഹാരം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്തിരുന്നു. ആയതിൻപ്രകാരം സമിതി (2014-16),2013 ജൂൺ 1 മുതൽ 2015 സെപ്റ്റംബർ 30 വരെ പരിഗണിച്ച ഹർജികളെ ആസ്പദമാക്കി തയ്യാറാക്കിയ ആറാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട് .

2021 സെപ്റ്റംബർ 29-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2021 നവംബർ 3

എ.സി. മൊയ്തീൻ,
അദ്ധ്യക്ഷൻ,
പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.

# റിപ്പോർട്ട്

മാനവ ചരിത്രം പലായനങ്ങളുടേത് കൂടിയാണ്. അതിരുകൾക്കുള്ളിൽ ഒതുങ്ങിക്കഴിയാൻ തയ്യാറാകാതെ മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾക്കും തൊഴിലിനും ഉപരിപഠനങ്ങൾക്കുമായി പുതിയമേച്ചിൽപ്പുറങ്ങൾ തേടിയുള്ള നിരന്തര പ്രയാണത്തിലാണ് മനുഷ്യർ. അതിജീവനത്തിനായി അതിരുകൾ താണ്ടുന്നവരുടെ ഇന്നലെകളിലെ ലക്ഷ്യം ശോഭനമായ ഭാവി മാത്രമായിരുന്നുവെങ്കിൽ ഇന്നത് ജീവൻ നഷ്ടപ്പെടാതിരിക്കാനുള്ള പ്രയാണമായി മാറിയിരിക്കുന്നു എന്നത് ഒരു വർത്തനമാനകാല യഥാർത്ഥ്യമാണ്.

ലോകത്തെ ഏറ്റവും വലിയ പ്രവാസി ജനവിഭാഗം ഭാരതീയരുടേതാണ്. അതിൽ ഏറ്റവും ബൃഹത്തായ പ്രവാസി സമൂഹം മലയാളികളുടേതാണ്. അതിനാൽ തന്നെ കേരളീയ സമ്പദ് വ്യവസ്ഥയിൽ വിദേശ നിക്ഷേപത്തിനുള്ള സ്വാധീനം ഏറെയാണ്. സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിനും സമ്പദ്ഘടനയുടെ വളർച്ചയ്ക്കും പ്രവാസി ക്ഷേമ സംരക്ഷണം അതിനിർണ്ണായകമാണെന്ന് തിരിച്ചറിഞ്ഞ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2014-16), പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ചു കൊണ്ടു തയ്യാറാക്കിയ ആറാമത് റിപ്പോർട്ട് 2015 ഡിസംബർ പതിനാലാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

ആറാമത് റിപ്പോർട്ടിലൂടെ പ്രവാസികൾ നേരിടുന്ന സങ്കീർണ്ണമായ നിരവധി പ്രശ്നങ്ങൾ സമിതി (2014-16) ആഴത്തിൽ പരിശോധിക്കുകയും അവയ്ക്ക് ക്രിയാത്മകമായ പരിഹാര മാർഗ്ഗങ്ങൾ/നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിരുന്നു. മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സുസ്ഥിര വികസനം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് (NDPREM) പദ്ധതിയിൽ S.B.I പോലുള്ള പ്രമുഖ ബാങ്കുകളെ ഉൾപ്പെടുത്തി പദ്ധതി വിപുലമാക്കിയതിൽ സമിതി വഹിച്ച പങ്ക് ഏറെ നിർണ്ണായകമായിരുന്നു എന്നതിൽ സംശയമില്ല.

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2014-16)യുടെ ആറാമത് റിപ്പോർട്ടിലെ ഇരുപത് ശിപാർശകളിന്മേൽ കേരളീയ പ്രവാസി കാര്യം, പൊതുഭരണ(പൊളിറ്റിക്കൽ), ഉദ്യോഗസ്ഥ ഭരണപരിഷ്കാരം, തദ്ദേശസ്വയംഭരണം,

ഭക്ഷ്യപൊതുവിതരണം, ഉന്നതവിദ്യാഭ്യാസം, ഗതാഗതം, തൊഴിലും നൈപുണ്യവും എന്നീ വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ 03.01.2018, 18.09.2019, 11.03.2020, 01.09.2021 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി അംഗീകരിക്കുകയുണ്ടായി.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ/നിർദ്ദേശങ്ങൾ എന്നിവയ്ക്ക് കേരളീയ പ്രവാസികാര്യം, പൊതുഭരണ(പൊളിറ്റിക്കൽ), ഉദ്യോഗസ്ഥ ഭരണപരിഷ്കാരം, തദ്ദേശസ്വയംഭരണം, ഭക്ഷ്യ പൊതുവിതരണം, ഉന്നതവിദ്യാഭ്യാസം, ഗതാഗതം, തൊഴിലും നൈപുണ്യവും എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ച മറുപടികളും അതിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങളും അവയ്ക്ക് വകുപ്പുകൾ ലഭ്യമാക്കിയ മറുപടികളും ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

പ്രവാസി കേരളീയർ ധാരാളമായുള്ള ഗൾഫ് രാജ്യങ്ങളിലെയും മറ്റും സ്വദേശി വത്ക്കരണ നയങ്ങൾ, ആഗോള സാമ്പത്തിക മാന്ദ്യം, ആഭ്യന്തരക്രമസമാധാന പ്രശ്നങ്ങൾ കോവിഡ് മഹാമാരി മൂലമുള്ള തൊഴിൽ വരുമാന നഷ്ടങ്ങൾ, കോവിഡ് സൃഷ്ടിച്ച അരക്ഷിതാവസ്ഥ എന്നിവ പ്രവാസിയുടെ ജീവിതത്തിൽ നിർണ്ണായകമായ മാറ്റങ്ങൾക്ക് കാരണമാകുന്നു. മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസം ഏതൊരു സർക്കാരിനും വെല്ലുവിളിയാണ്. സമിതിയ്ക്ക് ലഭിക്കുന്ന പരാതികളിൽ അധികവും പുനരധിവാസം, ചികിത്സാസഹായം, വിദേശത്ത് ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങളും മറ്റും ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്നിവ സംബന്ധിച്ചവയാണ്. പ്രവാസിക്ഷേമനിധി, സാന്ത്വനം, NDPREM തുടങ്ങിയ പദ്ധതികളുടെ ഗുണഫലങ്ങൾ സാധാരണ-ക്കാരിലെത്തിക്കുന്നതിന് സമിതിയുടെ ഇടപെടൽ സഹായകരമായിട്ടുള്ളതായി ഹർജികൾക്ക് ലഭിച്ച അനുകൂല മറുപടികളിൽ നിന്നും വ്യക്തമാകുന്നു.

## സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും

### ശിപാർശ ഖണ്ഡിക - 24 &25

നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM) പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരെന്ന് കണ്ടെത്തിയ മുഴുവൻ പ്രവാസികൾക്കും തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള വായ്പ ലഭ്യമാക്കുന്ന വിധം ബാങ്കുകളുമായുള്ള ധാരണാപത്രം ഒപ്പുവെയ്ക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 24)

നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM) പദ്ധതിയിൽ എസ്.ബി.റ്റി. ഉൾപ്പെടെയുള്ള പ്രമുഖ ബാങ്കുകളെ കൂടി പങ്കാളികളാക്കുകയും ആനുകൂല്യത്തിന് അർഹതയുണ്ടെന്ന് കണ്ടെത്തിയ പ്രവാസികൾ ഏതൊക്കെ ജില്ലകളിലുള്ളവരാണെന്ന് പരിശോധിച്ച് ബാങ്ക് അധികൃതരെ കൂടി ഉൾപ്പെടുത്തി വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അദാലത്ത് സംഘടിപ്പിച്ച് അപേക്ഷകളിൽ എത്രയും വേഗം തീർപ്പ് കൽപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.(ഖണ്ഡിക 25)

## കേരളീയ പ്രവാസി കാര്യ വകുപ്പ് സ്വീകരിച്ച നടപടി

നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM) പദ്ധതിയുമായി സഹകരിച്ച് പ്രവർത്തിക്കാൻ ചുവടെ പറയുന്ന ബാങ്കുകളുൾപ്പെടെ 16 ധനകാര്യസ്ഥാപനങ്ങളുമായി ധാരണയുണ്ടാക്കിയിട്ടുണ്ട്. അനുപ്രകാരം ഈ ധനകാര്യസ്ഥാപനങ്ങളുടെ 5642 ശാഖകളിൽ നിന്നും ലോൺ ലഭിക്കാനുള്ള അവസരം സംജാതമാക്കിയിട്ടുണ്ട്.

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
2. യൂണിയൻ ബാങ്ക്
3. സൗത്ത് ഇന്ത്യൻ ബാങ്ക്
4. ഇന്ത്യൻ ഓവർസീസ് ബാങ്ക്
5. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമീണ വികസന ബാങ്ക്
6. കേരള ബാങ്ക്
7. ബാങ്ക് ഓഫ് ബറോഡ
8. കാനറാ ബാങ്ക്
9. ഫെഡറൽ ബാങ്ക്
10. ബാങ്ക് ഓഫ് ഇന്ത്യ
11. യൂകോ ബാങ്ക്
12. സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ
13. കേരള സംസ്ഥാന പ്രവാസി ക്ഷേമവികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി
14. കെ.എസ്.ബി.സി.ഡി.സി
15. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ
16. ട്രാവൻകൂർ പ്രവാസി ഡെവലപ്പ്മെന്റ് സഹകരണ സൊസൈറ്റി.

NDPREM പദ്ധതി പ്രകാരം സംരംഭങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നവർക്ക് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രോജക്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ സാങ്കേതിക സഹായവും നൽകുന്നുണ്ട്. 2020-21 സാമ്പത്തിക വർഷം 16.28 കോടി രൂപ ഉപയോഗിച്ച് 782 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി വകയിരുത്തിയിരുന്ന തുകയിൽ ഏകദേശം 90 ശതമാനം തുകയും ചെലവഴിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയ്ക്കായി 24.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി ഒറ്റദിവസം കൊണ്ട് ലോൺ ലഭ്യമാക്കാൻ സഹായിക്കുന്ന ഫീൽഡ് ക്യാമ്പുകൾ വ്യാപകമാക്കിയിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 05.08.2021 ലെ ബി2/19/2016 നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 1.9.2021 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

## ശിപാർശ ഖണ്ഡിക - 26 &27

വിദേശരാജ്യങ്ങളിൽ തൊഴിലവസരങ്ങൾ ഉണ്ടാകുമ്പോൾ മടങ്ങിവന്ന പ്രവാസികളിൽ വീണ്ടും വിദേശത്ത് ജോലി ചെയ്യാൻ താൽപ്പര്യമുള്ളവരെ പരിഗണിക്കണമെന്നും പ്രവാസി കേരളീയകാര്യവകുപ്പ് മുൻ കൈയ്യെടുത്ത് വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിദേശത്തെ പ്രമുഖ വ്യവസായികളുമായി ചർച്ച നടത്തി അവരുടെ സ്ഥാപനങ്ങളിൽ ഇവർക്ക് തൊഴിൽ നേടിക്കൊടുക്കുന്നതിന്റെ സാദ്ധ്യത സംബന്ധിച്ച് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.(ഖണ്ഡിക 26)

വിദേശജോലിക്കായി രജിസ്റ്റർ ചെയ്യുവർക്ക് തൊഴിൽ നൽകുന്നതിനുള്ള സാദ്ധ്യത സംബന്ധിച്ച് വകുപ്പ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നോർക്ക റൂട്ട്സിന്റെ ഡയറക്ടർ ബോർഡിലുള്ള പ്രമുഖരായ വ്യവസായികളുമായി ചർച്ച നടത്തി പരിഹരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.(ഖണ്ഡിക 27)

## കേരളീയ പ്രവാസി കാര്യ വകുപ്പ് സ്വീകരിച്ച നടപടി

വിദേശ ജോലികൾക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ റിക്രൂട്ട്മെന്റ് പരമാവധി സാധ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. മടങ്ങിയെത്തിയ പ്രവാസികളിൽ വീണ്ടും വിദേശത്ത് ജോലി ചെയ്യാൻ താൽപ്പര്യമുള്ളവർക്കും വിദേശത്ത് ജോലിതേടുന്നവരെയും സഹായിക്കുന്നതിനായി നോർക്ക റൂട്ട്സ് ഓൺലൈൻ സ്കിൽ

രജിസ്ട്രി നടപ്പിലാക്കിയിട്ടുണ്ട്. 2020 ഫെബ്രുവരിയിൽ ആരംഭിച്ച ഈ പദ്ധതിയിൽ മടങ്ങി വന്ന പ്രവാസികൾക്ക് അവരുടെ തൊഴിൽ നൈപുണ്യവും പ്രവൃത്തി പരിചയവും അനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. വിദേശ ജോലികൾക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ റിക്രൂട്ട്മെന്റ് സാധ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി റിക്രൂട്ട്മെന്റ് നടപടികളുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി വിദേശ വ്യവസായപ്രമുഖരും നോർക്ക-റൂട്ട്സിന്റെ ഡയറക്ടർ ബോർഡിലുള്ള വ്യവസായികളും മറ്റ് പ്രമുഖരായ തൊഴിൽ ദാതാക്കളുമായി 2020 മാർച്ച് മാസത്തിൽ ഓവർസീസ് എംപ്ലോയേഴ്സ് കോൺഫറൻസ് നടത്തുവാൻ നിശ്ചയിച്ചിരുന്നെങ്കിലും കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ മാറ്റി വെയ്ക്കേണ്ടതായി വന്നു. പ്രസ്തുത കോൺഫറൻസ് നടത്തുവാനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, വിദേശ തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്ക വിധം കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം, ആശയ വിനിമയ വൈദഗ്ധ്യം തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിനായി നോർക്ക വകുപ്പ് നടത്തിവരുന്ന സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാം പദ്ധതിയുടെ ഭാഗമായും തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 05.08.2021 ലെ ബി2/19/2016 നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 1.9.2021 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

## ശിപാർശ ഖണ്ഡിക - 28

ആശുപത്രികളുടെ ആവശ്യകതയ്ക്കനുസൃതമായ നഴ്സിംഗ് ബിരുദധാരികളടക്കമുള്ള പ്രൊഫഷണൽ ബിരുദധാരികളെ നൽകുന്നതിനുള്ള കഴിവും മനുഷ്യവിഭവ ശേഷിയും നമ്മുടെ സംസ്ഥാനത്തിനുണ്ടെന്ന് ഹോസ്പിറ്റലുകളുടെ എച്ച്.ആർ. മാനേജ്മെന്റിനെ ബോധ്യപ്പെടുത്തിയാൽ മാത്രമേ ഇ-മൈഗ്രന്റ് സംവിധാനം മുഖേനയുള്ള റിക്രൂട്ട്മെന്റ് ഫലപ്രദമായി നടക്കുകയുള്ളുവെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അത്തരത്തിൽ ഹോസ്പിറ്റലുകളുടെ എച്ച്.ആർ. മാനേജ്മെന്റുകളുമായി ആശയ വിനിമയം നടത്തുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരളീയ പ്രവാസി കാര്യ വകുപ്പ് സ്വീകരിച്ച നടപടി

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലൈസൻസ്ഡ് റിക്രൂട്ടിംഗ് ഏജൻസിയായ നോർക്ക റൂട്ട്സ് വഴി ഇത്തരത്തിൽ സാധ്യമായ ആശയവിനിമയം നടത്തി വരുന്നുണ്ട്. സുരക്ഷിതമായ കുടിയേറ്റം ഉറപ്പു വരുത്തുന്നതിനായി നോർക്ക റൂട്ട്സ് വിഭാഗം

സ്തുത്യർഹമായ സേവനം നൽകി വരുന്നു.

(കേരളീയ പ്രവാസികാര്യ വകുപ്പ് 05.08.2021 ലെ ബി2/19/2016 നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 1.9.2021 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

## ശിപാർശ ഖണ്ഡിക - 29

കേരളത്തിലെ യാത്രക്കാർക്ക് മാത്രം ഭാരമാകുന്ന തരത്തിൽ വിമാനക്കമ്പനികൾ അടിക്കടി യാത്രാനിരക്ക് വർദ്ധിപ്പിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണാൻ എന്ത് നടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചതെന്നത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## കേരളീയ പ്രവാസി കാര്യ വകുപ്പ് സ്വീകരിച്ച നടപടി

വിമാനയാത്രയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നയപരമായ തീരുമാനം കൈക്കൊള്ളേണ്ടത് കേന്ദ്രവ്യോമയാന വകുപ്പായതിനാൽ ഇക്കാര്യത്തിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. എന്നിരുന്നാലും, വിമാന യാത്രക്കൂലിയിൽ വൻവർദ്ധന വരുത്തുന്നത് പതിവായ സാഹചര്യത്തിൽ ഇത്തരം വർദ്ധനവ് തടയാൻ സ്ഥിരം സംവിധാനം വേണമെന്ന ആവശ്യം സംസ്ഥാനം കേന്ദ്ര സർക്കാർ മുൻപാകെ ഉന്നയിച്ചിട്ടുണ്ട്. വിമാനക്കമ്പനികൾ നടത്തുന്ന ചൂഷണം അവസാനിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബഹു. മുഖ്യമന്ത്രി കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ വിമാനയാത്രാ നിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്രവ്യോമയാന മന്ത്രാലയമല്ലെന്നും, 1937 -ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, ചെലവ്, യാത്രക്കാരുടെ തിരക്ക്, മിതമായ ലാഭം എന്നിവ പരിഗണിച്ച് യാത്രാനിരക്ക് നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുള്ളത്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 05.08.2021 ലെ ബി2/19/2016 നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 1.9.2021 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

## ശിപാർശ ഖണ്ഡിക - 30

സാമ്പത്തിക കാര്യങ്ങളിൽ ശരിയായ അവബോധമില്ലാത്തതാണ് മടങ്ങി വന്ന പ്രവാസികളിൽ ബഹുഭൂരിപക്ഷം പേരുടെയും സാമ്പത്തികവും സാമൂഹികവുമായ പിന്നാക്ക

അവസ്ഥക്ക് കാരണമെന്ന് നിരീക്ഷിച്ച സമിതി രാജ്യത്തോടും സമൂഹത്തോടും കുടുംബത്തോടുമുള്ള ഉത്തരവാദിത്തം നിറവേറ്റുന്നതിന് പ്രവാസികളെ പ്രാപ്തരാക്കുന്ന തരത്തിലുള്ള ബോധവത്കരണ പരിപാടികൾ ആരംഭിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>കേരളീയ പ്രവാസി കാര്യ വകുപ്പ് സ്വീകരിച്ച നടപടി</u>

മടങ്ങിയെത്തിയ പ്രവാസി മലയാളികളുടെ പുരരധിവാസ പദ്ധതിയുടെ ഭാഗമായി സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺഡ് എമിഗ്രൻസ് (NDPREM) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി.) മുഖേന തൊഴിൽ സംരംഭകർക്ക് വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്നു. ഇതോടൊപ്പം സമിതി ശിപാർശ ചെയ്തിരിക്കുന്ന പ്രകാരമുള്ള ബോധവത്കരണം കൂടി നിർവ്വഹിക്കാൻ നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകുന്നതാണ്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 05.08.2021 ലെ ബി2/19/2016 നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 1.9.2021 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ ഖണ്ഡിക - 31</u>

ഡൽഹിയിൽ താമസിക്കുന്ന കുറഞ്ഞ വരുമാനക്കാരായ മലയാളികൾക്ക് അവരുടെ വരുമാനത്തിനനുസൃതമായ താമസ സൗകര്യങ്ങളില്ലായെന്നത് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഡൽഹിയിൽ കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ ഡോർമിറ്ററി സൗകര്യത്തോടുകൂടിയ കെട്ടിടം നിർമ്മിക്കുവാനുള്ള സംവിധാനമൊരുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് സ്വീകരിച്ച നടപടി</u>

ന്യൂഡൽഹി ട്രാവൻകൂർ ഹൗസിൽ ഇപ്പോൾ ഡോർമിറ്ററി സൗകര്യം നിലവിലുണ്ട്. ഇവിടെ വനിതകൾക്ക് മാത്രമായി പ്രത്യേക താമസ സൗകര്യവും അനുവദിച്ച് വരുന്നുണ്ട്. കൂടാതെ കേരള ഹൗസ് കോമ്പൗണ്ടിൽ പുതിയ ഗസ്റ്റ് ഹൗസ്, 2 ഡോർമിറ്ററികൾ എന്നിവ നിർമ്മിക്കുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

(പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് 10.05.2019 ലെ 56/ പൊളി./4/19/ പൊ.ഭ.വ. നമ്പർ കത്ത് മുഖേന നൽകിയ മറുപടി 18.9.2019 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ ഖണ്ഡിക - 32</u>

നിശ്ചിത കാലത്തെ അവധിയിൽ നാട്ടിലെത്തുന്ന പ്രവാസികൾക്ക് നിരവധി വിഷയങ്ങൾ സമയബന്ധിതമായി തീർപ്പാക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രവാസികൾക്ക് സർക്കാർ ഓഫീസുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിഗണന നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സ്വീകരിച്ച നടപടി</u>

നിശ്ചിത കാലത്തെ അവധിയിൽ നാട്ടിലെത്തുന്ന പ്രവാസികൾക്ക് സർക്കാർ ഓഫീസുകളുമായി ബന്ധപ്പെട്ട് തീർപ്പാക്കേണ്ട കാര്യങ്ങളിൽ പ്രത്യേക പരിഗണന നൽകുന്നതിനായി പരിപത്രം പുറപ്പെടുവിച്ചാൽ അത് ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 14 -ന് വിരുദ്ധമാണ്. സർക്കാർ ഓഫീസിൽ പ്രവാസികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് ഇൻഫോർമൽ ഡയറക്ഷൻ നൽകിയിട്ടുണ്ട്.

(ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് 01.08.2016 ലെ 5855/ എ. ആർ. 13(2)/16 ഉ.ഭ.പ.വ. നമ്പർ കത്ത് മുഖേന നൽകിയ മറുപടി 03.01.2018 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ ഖണ്ഡിക - 33 & 34</u>

സാന്ത്വന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള സമയപരിധി സംബന്ധിച്ച മാനദണ്ഡത്തിൽ മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.(ഖണ്ഡിക 33)

പ്രവാസികളുടേത് മാത്രമായി ഒരു ലക്ഷം കോടി രൂപയോളം ബാങ്കുകളിൽ നിക്ഷേപമുള്ളതിനാൽ തന്നെ ഇവർക്ക് പ്രത്യേക പരിഗണന നൽകി സാന്ത്വന പദ്ധതി പ്രകാരമുള്ള വിവാഹ ധനസഹായ തുക കാലോചിതമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.(ഖണ്ഡിക 34)

<u>കേരളീയ പ്രവാസി കാര്യ വകുപ്പ് സ്വീകരിച്ച നടപടി</u>

വിദേശ ജീവിതം അവസാനിപ്പിച്ചെത്തിയ പ്രവാസികളിൽ സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവരുടെ കുടുംബങ്ങൾക്ക് അടിയന്തര ഘട്ടങ്ങളിൽ സർക്കാരിന്റെ പിന്തുണ ഉറപ്പ് വരുത്തുന്നതിനായി നടപ്പിലാക്കിയിട്ടുള്ള ധനസഹായ പദ്ധതിയാണ് സാന്ത്വന. നിലവിൽ ഈ പദ്ധതിയുടെ വാർഷിക വരുമാന പരിധി 1,50,000/- രൂപയായി ഉയർത്തിയിട്ടുണ്ട്.2021 സാമ്പത്തിക വർഷത്തിൽ 27 കോടി രൂപ ചെലവഴിച്ച് 4445 ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം സാന്ത്വന പദ്ധതി വിഹിതം 30 കോടി രൂപയായി ഉയർത്തിയത് വഴി കൂടുതൽ ഗുണഭോക്താക്കളെ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്താൻ കഴിയുന്നതാണ്. കോവിഡ്-19 സൃഷ്ടിച്ച നിലവിലെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ, സമയപരിധി സംബന്ധിച്ച മാനദണ്ഡത്തിൽ മാറ്റം വരുത്തണമെന്നും വിവാഹ ധനസഹായമായ തുക വർദ്ധിപ്പിക്കണമെന്നുമുള്ള സമിതിയുടെ ശിപാർശ നടപ്പിലാക്കുവാൻ നിർവ്വാഹമില്ല.

(കേരളീയ പ്രവാസികാര്യ വകുപ്പ് 05.08.2021 ലെ ബി2/19/2016 നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 1.9.2021 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ ഖണ്ഡിക - 35</u>

പ്രവാസികൾക്കായുള്ള ക്ഷേമപുനരധിവാസ പദ്ധതികളുടെ നടത്തിപ്പിന്റെ മേൽനോട്ടത്തിന് നോർക്ക വകുപ്പിന്റെ കീഴിൽ അംഗീകൃത പ്രവാസി സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തി ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>കേരളീയ പ്രവാസി കാര്യ വകുപ്പ് സ്വീകരിച്ച നടപടി</u>

തിരികെയെത്തിയ പ്രവാസികൾക്ക് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM) പദ്ധതി വിപുലീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) മുഖേന വേണ്ട ഉപദേശങ്ങളും

മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്നു. കോവിഡ് പ്രതിസന്ധി മൂലം തിരിച്ചു വരുന്ന പ്രവാസികൾക്ക് വേണ്ടി നടപ്പിലാക്കുന്ന പുനരധിവാസ പുനർസംയോജന പദ്ധതിക്ക് മാത്രമായി 50 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 05.08.2021 ലെ ബി2/19/2016 നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 1.9.2021 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

## ശിപാർശ ഖണ്ഡിക - 36

പ്രവാസികളുടെ കുടുംബങ്ങളെ അർഹത നോക്കി ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രാരംഭനടപടി എന്ന നിലയിൽ ഗ്രാമപഞ്ചായത്തിലെ ആകെ ദരിദ്ര കുടുംബങ്ങൾ പഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ 25% അധികരിക്കരുത് എന്ന പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശം ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

2009-ലെ ബി.പി.എൽ. സർവെയുടെ അടിസ്ഥാനത്തിൽ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ 14.01.11 -ലെ സർക്കാർ ഉത്തരവ് (കൈ)16/11/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ബി.പി.എൽ. സർവ്വെയിൽ പ്രവാസികളെ ബി.പി.എൽ. പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ഉത്തരവിന്റെ ക്ലോസ് 5(2)III പ്രകാരം ഗ്രാമ പഞ്ചായത്തിലെ ആകെ ദരിദ്ര കുടുംബങ്ങൾ പഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ 25% അധികരിക്കരുത് എന്ന പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശം ഭേദഗതി വരുത്തി എൻ.ഐ.സി. സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയാൽ മാത്രമേ അർഹതപ്പെട്ട കുടുംബങ്ങളെ ബി.പി.എൽ. പട്ടികയിൽ ചേർക്കുവാൻ കഴിയുമായിരുന്നുള്ളൂ. ടി വിഷയത്തിൽ പ്ലാംനിംഗ് വകുപ്പിന്റെ അഭിപ്രായം തേടിയെങ്കിലും നിലവിലുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കുവാനാണ് നിർദ്ദേശം ലഭിച്ചത്. ബി.പി.എൽ. പട്ടികയിൽ ഇനിയും കുടുംബങ്ങളെ ഉൾപ്പെടുത്തുക സാധ്യമല്ലാത്ത സാഹചര്യത്തിൽ അർഹതപ്പെട്ടവർക്ക് ബി.പി.എൽ. ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ബി.പി.എൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് ബ്ലോക്ക് ഡെവലപ്പ്മെന്റ് ആഫീസർമാരെ അധികാരപ്പെടുത്തിക്കൊണ്ട്

30.09.15 -ലെ സ.ഉ.(കൈ)309/15 ത.സ്വ.ഭ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. മുനിസിപ്പൽ / കോർപ്പറേഷൻ പ്രദേശങ്ങളിൽ ടി അധികാരം മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാരിൽ നിക്ഷിപ്തമാക്കി 28.12.15 -ലെ സർക്കാർ ഉത്തരവ് (കൈ) 365/15/ത.സ്വ.ഭ.വ. പ്രകാരവും ഉത്തരവായിട്ടുണ്ട്.

(തദ്ദേശ സ്വയംഭരണ വകുപ്പ് 10.05.2016 ലെ ഡി.ഡി3/122/16/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന നൽകിയ മറുപടി 3.1.2018 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

## ശിപാർശ ഖണ്ഡിക - 37

പ്രവാസികൾക്ക് വിദേശത്തു വച്ച് ആധാർ കാർഡ് എടുക്കുന്നതിനും വോട്ടവകാശം വിനിയോഗിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

പ്രവാസികൾക്ക് വിദേശത്തു വച്ചുതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ e-balloting/e-voting മുഖേന വോട്ടവകാശം വിനിയോഗിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് പരിശോധിച്ചു വരികയാണ്. പ്രസ്തുത സംവിധാനത്തിന്റെ സുതാര്യത ഉറപ്പ് വരുത്തുന്നതിനും പ്രവാസികളായ കേരളീയർക്ക് വോട്ടുകൾ രേഖപ്പെടുത്തുന്നതു സംബന്ധിച്ചും വകുപ്പുതലത്തിലും ഉദ്യോഗസ്ഥ തലത്തിലും ഉചിതമായ ചർച്ചകൾ നടത്തേണ്ടതുണ്ട്. ഈവിധ കാര്യങ്ങൾ പരിശോധിച്ചു വരികയാണ്.

(തദ്ദേശ സ്വയംഭരണ വകുപ്പ് 14.06.2016 ലെ ഇ.എം.1/37/16/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന നൽകിയ മറുപടി 3.1.2018 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

## ശിപാർശ - ഖണ്ഡിക 38

ഓണം പോലെയുള്ള ഉത്സവകാലങ്ങളിൽ മുംബൈയും ഡൽഹിയും അടക്കമുള്ള അന്യസംസ്ഥാനങ്ങളിലെ നഗരങ്ങളിൽ താമസിക്കുന്ന ലക്ഷക്കണക്കിന് മലയാളി-കൾക്കും കേരളത്തിലുള്ളവർക്ക് ലഭിക്കുന്നതുപോലെ ഭക്ഷ്യ സാധനങ്ങൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ ഡൽഹിയിലും മുംബൈയിലും എല്ലാ വർഷവും ഓണച്ചന്തകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഭക്ഷ്യ പൊതുവിതരണ വകുപ്പ് സ്വീകരിച്ച നടപടി

2013-ൽ മുംബൈയിലും ഡൽഹിയിലും ഓണച്ചന്തകൾ ഫ്രാഞ്ചൈസി അടിസ്ഥാനത്തിൽ നടത്തിയപ്പോൾ അധിക സാമ്പത്തിക ബാധ്യതയും സ്ഥല പരിമിതിയും അനുഭവപ്പെടുകയുണ്ടായി. ഓണക്കാലത്ത് ചന്തകൾക്കു പുറമെ AAY കുടുംബങ്ങൾക്കുള്ള സൗജന്യകിറ്റ്, സ്പെഷ്യൽ പഞ്ചസാര, സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ അരി വിതരണം, ട്രൈബൽ കുടുംബങ്ങൾക്കുള്ള കിറ്റ് വിതരണം എന്നിവയുമായി ബന്ധപ്പെട്ട് നിലവിലുള്ള ജീവനക്കാരുടെ സേവനം പൂർണ്ണമായി ഉപയോഗപ്പെടുത്തേണ്ടി വരുന്നതിനാൽ വിദൂര സ്ഥലങ്ങളിൽ ഓണചന്തകൾ നടത്തുവാൻ പ്രയാസകരമാണ്. കൂടാതെ സ്റ്റാളുകൾ ഒരുക്കുന്നതിനും ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലും വലിയ തുക ചെലവഴിക്കേണ്ടി വരും. ഈ സാഹചര്യത്തിൽ കേരളത്തിനു പുറത്ത് ഓണച്ചന്തകൾ നടത്തുക എന്നത് പ്രായോഗികമല്ല.

(ഭക്ഷ്യ പൊതുവിതരണ വകുപ്പ് 16.10.2017 ലെ 569517/സി2/2016/ഭ.സി.സ.വ. നമ്പർ കത്ത് മുഖേന നൽകിയ മറുപടി 3.1.2018 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ - ഖണ്ഡിക 39

പ്രവാസി മലയാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് പ്രത്യേക പരിഗണന നൽകുന്നതിനായി വിവിധ കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷന് ഇവർക്ക് എൻ.ആർ.ഐ. ക്വാട്ട അനുവദിച്ചിട്ടുണ്ടെങ്കിലും ഇതിന് നിശ്ചയിച്ചിരിക്കുന്ന ഉയർന്ന ഫീസ് താഴ്ന്ന വരുമാനക്കാരായ പ്രവാസികൾക്ക് താങ്ങാൻ ബുദ്ധിമുട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വരുമാനം കുറഞ്ഞ പ്രവാസികളുടെ മക്കൾക്ക് എൻ.ആർ.ഐ. ക്വാട്ടയിലുള്ള അഡ്മിഷനും തുടർവിദ്യാഭ്യാസത്തിനും ഫീസ് ഇളവ് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടി

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവാസികളുടെ മക്കൾക്ക് NRI ക്വാട്ടയിൽ പ്രവേശനം ലഭിച്ചുവരുന്നുണ്ടെങ്കിലും ഇതിനായി ഒടുക്കേണ്ടിവരുന്ന ഉയർന്ന ഫീസ്, താഴ്ന്ന വരുമാനക്കാരായ പ്രവാസികൾക്ക് വലിയ ബാധ്യത സൃഷ്ടിക്കുന്നു എന്നുള്ളത് ഒരു

വസ്തുതയാണ്. വരുമാനം കുറഞ്ഞവർക്ക് ഫീസാനുകൂല്യം ലഭ്യമാക്കേണ്ടതാണ്. നിലവിൽ പ്രവാസികളായ അപേക്ഷകർക്ക്, അവർ സമർപ്പിക്കുന്ന വരുമാനം സംബന്ധിച്ച സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് വില്ലേജ് ഓഫീസർ വരുമാന സർട്ടിഫിക്കറ്റ് നൽകുന്നത്. ആകയാൽ താഴ്ന്ന വരുമാനക്കാരായ പ്രവാസികൾക്ക് ഫീസാനുകൂല്യം ഉറപ്പാക്കുന്നതിലേക്കാവശ്യമായ രീതിയിൽ വരുമാനം സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുണ്ട്. ആയതു അർഹരായ പ്രവാസികൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നുള്ള വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(ഉന്നത വിദ്യാഭ്യാസ വകുപ്പ് 20.12.2019-ലെ HEDN-G1/243/2016-HEDN നമ്പർ കത്ത് മുഖേന നൽകിയ മറുപടി 11.3.2010 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

## ശിപാർശ - ഖണ്ഡിക 40

പ്രവാസി കേരളീയകാര്യ വകുപ്പ് നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിനായുള്ള ഓൺലൈൻ നടപടിക്രമങ്ങൾ അക്ഷയകേന്ദ്രങ്ങളുടെ സേവന പരിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരളീയ പ്രവാസി കാര്യ വകുപ്പ് സ്വീകരിച്ച നടപടി

പ്രവാസി കേരളീയകാര്യ വകുപ്പ് നടപ്പാക്കുന്ന ക്ഷേമ പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിനായുള്ള ഓൺലൈൻ നടപടിക്രമങ്ങൾ അക്ഷയ കേന്ദ്രങ്ങളുടെ സേവന പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറ ബാങ്ക്, ഇന്ത്യൻ ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക് തുടങ്ങിയ ബാങ്കുകൾ വഴി ഓഫ് ലൈനായും പ്രവാസി ക്ഷേമനിധി ബോർഡിന്റെയും നോർക്ക റൂട്ട്സിന്റെയും വെബ്സൈറ്റ് വഴി ഓൺലൈനായും ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 05.08.2021 ലെ ബി2/19/2016 നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 1.9.2021 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

## ശിപാർശ - ഖണ്ഡിക 41

ഗൾഫ് രാജ്യങ്ങളിലെ അവിദഗ്ദ്ധ മേഖലയിൽ മലയാളികൾക്ക് തൊഴിലവസരങ്ങൾ കുറഞ്ഞു വരുന്നതായി മനസ്സിലാക്കുന്നതിനാൽ തൊഴിൽ വൈദഗ്ധ്യവും സാങ്കേതികജ്ഞാനവും ആവശ്യമുള്ള മേഖലകളിലുള്ള തൊഴിൽ സാധ്യതകളെക്കുറിച്ച് പഠനം നടത്തുന്നതിനും അത്തരം തൊഴിലുകൾക്കായി യുവാക്കളെ സജ്ജരാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരളീയ പ്രവാസി കാര്യ വകുപ്പ് സ്വീകരിച്ച നടപടി

തൊഴിൽ വൈദഗ്ധ്യവും സാങ്കേതികജ്ഞാനവും ആവശ്യമുള്ള മേഖലകളിലെ തൊഴിൽ സാധ്യതകളെക്കുറിച്ച് പഠനം നടത്തുന്നതിനും അത്തരം തൊഴിലുകൾക്കായി യുവാക്കളെ സജ്ജരാക്കുന്നതിനുമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്ഥാപനങ്ങൾ/ഗവേഷക സംഘടനകൾ വഴി മാർക്കറ്റ് റിസർച്ച് നടത്തുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായി 2020-21 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 05.08.2021 ലെ ബി2/19/2016 നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 1.9.2021 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

## ശിപാർശ - ഖണ്ഡിക 42

എയർ ഇന്ത്യയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേരളത്തിലെ യാത്രക്കാർക്ക് ബന്ധപ്പെടുന്നതിന് കോൾ സെന്റർ ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരളീയ പ്രവാസി കാര്യ വകുപ്പ് സ്വീകരിച്ച നടപടി

പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്കുള്ള പരിഹാരത്തിനും സംശയ നിവാരണത്തിനും ഉതകുന്ന ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്ന ലോകോത്തര മാതൃകയിലുള്ള ഗ്ലോബൽ കോൺടാക്ട് സെന്റർ നോർക്ക റൂട്ട്സ് വഴി 24x7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 05.08.2021 ലെ ബി2/19/2016 നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 1.9.2021 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

## ശിപാർശ - ഖണ്ഡിക 43

എയർ ഇന്ത്യ എക്സ്പ്രസ്സ് വിമാനത്തിൽ യാത്രക്കാർക്ക് അനുവദിച്ചിരിക്കുന്ന ബാഗേജ് പരിധി 30Kg ൽ നിന്നും 20Kg ആക്കി കുറച്ച നടപടി യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, യാത്രക്കാരുടെ ബാഗേജ് പരിധി 20 Kg ആക്കി കുറച്ച എയർ ഇന്ത്യയുടെ നടപടി പുന:പരിശോധിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരളീയ പ്രവാസി കാര്യ വകുപ്പ് സ്വീകരിച്ച നടപടി

എയർ ഇന്ത്യ എക്സ്പ്രസ്സ് വിമാനങ്ങളിൽ യാത്രക്കാരുടെ ബാഗേജ് പരിധി നിലവിൽ 25Kg (Domestic), 30 Kg (International) എന്നിങ്ങനെ ആണ്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 05.08.2021 ലെ ബി2/19/2016 നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 1.9.2021 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

## ശിപാർശ - ഖണ്ഡിക 44

വിദേശത്തു നിന്നും പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ നിന്നും തിരികെയെത്തുന്ന മലയാളികളിൽ മിക്കവാറും പേർ വിവിധ ആരോഗ്യ പ്രശ്നങ്ങൾ മൂലം കഷ്ടത അനുഭവിക്കുന്നവരാണെന്നും ഇപ്പോൾ സാന്ത്വന പദ്ധതി പ്രകാരം ചികിത്സാ സഹായമായി അനുവദിക്കുന്ന തുക ചികിത്സാ ചെലവുകളുമായി തട്ടിച്ചുനോക്കിയാൽ തികച്ചും അപര്യാപ്തമാണെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, പ്രവാസി ക്ഷേമനിധിയിലെ അംഗങ്ങൾക്ക് പ്രത്യേകമായി ഒരു ആരോഗ്യഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുകയോ സംസ്ഥാന ഗവൺമെന്റിന്റെ സമഗ്ര ആരോഗ്യഇൻഷ്വറൻസ് പദ്ധതി (ചിയാക്) യിൽ പ്രവാസികളെക്കൂടി ഉൾപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## തൊഴിലും നൈപുണ്യവും വകുപ്പ് സ്വീകരിച്ച നടപടി

രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (RSBY) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ്

പദ്ധതി (ചിസ്) എന്നീ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതി, സംസ്ഥാനത്തെ സാമ്പത്തികമായി ദുർബലരായ ജനങ്ങൾക്കു ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിനായി ലക്ഷ്യം വച്ചിട്ടുള്ള പദ്ധതികളാകുന്നു. നിലവിൽ 66 ഓളം (ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു) വരുന്ന വിവിധ ദുർബല വിഭാഗങ്ങളെ ടി പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിൽ സംസ്ഥാനത്തെ എ.എ.വൈ. (മഞ്ഞ നിറം), മുൻഗണന (പിങ്ക് നിറം), ചികിത്സാർത്ഥം സ്റ്റേറ്റ് പ്രയോറിറ്റി / ബി.പി.എൽ ആക്കി മാറ്റിയ വെള്ള/നീല റേഷൻ കാർഡ് ഉടമകളുടെ കുടുംബങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ഒരു കുടുംബത്തിലെ ഒരംഗം മേൽപ്പറഞ്ഞ 66 വിഭാഗത്തിൽ ഏതിലെങ്കിലും ഒന്നിൽ ഉൾപ്പെടുന്നു എങ്കിൽ ആ കുടുംബത്തിന് മൊത്തമായി പദ്ധതിയുടെ പരിരക്ഷ ലഭിക്കും. പ്രവാസി ക്ഷേമനിധിയിലെ അംഗങ്ങൾ ഉൾപ്പെട്ട കുടുംബങ്ങൾ നിലവിൽ സർക്കാർ അംഗീകരിച്ച മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ ഏതെങ്കിലും ഒന്നിൽ ഉൾപ്പെടുന്ന പക്ഷം അവർക്കു പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതായിരിക്കും.

(തൊഴിലും നൈപുണ്യവും വകുപ്പ് 16.10.2018-ലെ ജെ3/129/2018/തൊഴിൽ. നമ്പർ കത്ത് മുഖേന നൽകിയ മറുപടി 1.9.2021 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>കേരളീയ പ്രവാസി കാര്യ വകുപ്പ് സ്വീകരിച്ച നടപടി</u>

ഗവൺമെന്റിന്റെ പോളിസിക്ക്, ഇൻഷ്വറൻസ് സമാനമായ രീതിയിൽ പ്രവാസികൾക്കായി ക്രിട്ടിക്കൽ കെയർ ഇൻഷ്വറൻസ് പദ്ധതി എന്ന പേരിൽ നോർക്ക റൂട്ട്സ് വഴി മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിദേശത്ത് ജോലി ചെയ്യുന്ന കേരളീയർക്ക് ഗുരുതര അസുഖങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി 2021 ജനുവരി മാസത്തിൽ ആരംഭിച്ച ഈ പദ്ധതിയിൽ 18 നും 60 നും മദ്ധ്യേ പ്രായമുള്ളവർക്ക് അംഗങ്ങളാകാവുന്നതാണ്. പോളിസിയിൽ പറയുന്ന പ്രകാരമുള്ള രോഗമുണ്ടായാൽ 1 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷയും കൂടാതെ 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കുന്ന ഈ പദ്ധതിയിൽ ഇതുവരെ 12500 പേർ അംഗങ്ങളായിട്ടുണ്ട്. കൂടാതെ നോർക്ക ഐഡി കാർഡ് ഉടമകളായ പ്രവാസികൾക്ക് നിലവിൽ അപകടം മൂലമുള്ള മരണത്തിനു 4 ലക്ഷം രൂപയുടെ

ഇൻഷ്വറൻസ് പരിരക്ഷയും അപകടം മൂലമുള്ള ഭാഗികമായോ/ സ്ഥിരമായോ അംഗവൈകല്യങ്ങൾക്ക് പരമാവധി 2 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയും ലഭ്യമാക്കുന്നുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 05.08.2021 ലെ ബി2/19/2016 നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 1.9.2021 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

തിരുവനന്തപുരം,
2021 നവംബർ 3

എ. സി. മൊയ്തീൻ,
അദ്ധ്യക്ഷൻ,
പ്രവാസിമലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.

# അനുബന്ധം I

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ (RSBY/CHIS) ഉൾപ്പെട്ട വിഭാഗം

1 കേന്ദ്രപ്ലാനിംഗ് കമ്മീഷൻ പ്രകാരമുള്ള BPL കുടുംബങ്ങൾ
2 വഴിയോര കച്ചവടക്കാർ (Street Vendors)
3 വീട്ടുവേലക്കാർ (Domestic Workers)
4 ബീഡി തൊഴിലാളികൾ
5 ആക്രി/പാഴ്‌വസ്തുക്കൾ ശേഖരിക്കുന്നവർ (Rag pickers)
6 ശുചീകരണ തൊഴിലാളികൾ (Sanitation workers)
7 പാറമട തൊഴിലാഴികൾ(Mine Workers)
8 റിക്ഷ വലിക്കുന്നവർ (Rickshaw pullers)
9 MGNREGS ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 15 ദിവസമെങ്കിലും തൊഴിൽ ചെയ്തവർ)
10 ഓട്ടോറിക്ഷാ തൊഴിലാളികൾ
11 ടാക്സി ഡ്രൈവർമാർ

## CHIS - അർഹരായ വിഭാഗങ്ങൾ

12 പട്ടിക വർഗ്ഗ കുടുംബങ്ങൾ
13 പട്ടികജാതി കുടുംബങ്ങൾ
14 മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
15 മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
16 മറ്റു മത്സ്യതൊഴിലാളികൾ
17 നിർമ്മാണ തൊഴിലാളി ക്ഷേമബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്നവർ
18 കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
19 കർഷക തൊഴിലാളി പെൻഷൻ വാങ്ങുന്നവർ
20 ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
21 ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
22 കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
23 കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
24 തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
25 തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
26 കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
27 കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ

28 ഈറ്റ-പനമ്പ് കാട്ടുവള്ളി ബോർഡിലെ അംഗങ്ങൾ

29 ഈറ്റ-പനമ്പ് കാട്ടുവള്ളി ബോർഡിലെ പെൻഷൻകാർ

30 ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ

31 ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ

32 അലക്ക് തൊഴിലാളി ക്ഷേമ പദ്ധതിയിലെ അംഗങ്ങൾ

33 അലക്ക് തൊഴിലാളി ക്ഷേമ പദ്ധതിയിലെ പെൻഷൻകാർ

34 ബാർബർ/ബ്യൂട്ടീഷ്യൻ ക്ഷേമ പദ്ധതിയിലെ അംഗങ്ങൾ

35 ബാർബർ/ബ്യൂട്ടീഷ്യൻ ക്ഷേമ പദ്ധതിയിലെ പെൻഷൻകാർ

36 കൈത്തൊഴിലാളി/വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിലെ അംഗങ്ങൾ

37 കൈത്തൊഴിലാളി/വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിലെപെൻഷൻകാർ

38 2008-ലെ അൺഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീമിലെ പെൻഷൻകാർ

39 കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ

40 കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ

41 അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ

42 മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ

43 ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ

44 കേരള ലോട്ടറി ഏജൻസീസ് & സെല്ലേഴ്സ് ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ

45 കേരള ലോട്ടറി ഏജൻസീസ് & സെല്ലേഴ്സ് ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ

46 ഷോപ്പ് & കോമേഴ്സ് എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം രജിസ്റ്റർ ചെയ്ത പാവപ്പെട്ട തൊഴിലാളികൾ/സ്വയംതൊഴിൽ ചെയ്യുന്നവർ

47 കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമപദ്ധതിയുടെ അംഗങ്ങൾ (ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് തൊഴിലാളികൾ)

48 വികലാംഗർ ഉൾപ്പെട്ട പാവപ്പെട്ട കുടുംബങ്ങൾ

49 ആശ്രയ കുടുംബങ്ങൾ

50 അംഗനവാടി വർക്കേഴ്സ്/ഹെല്പേഴ്സ്

51 എൻഡോ സൾഫാൻ ദുരിത ബാധിതർ

52 ആശ പ്രവർത്തകർ

53 കണ്ണൂർ കന്റോൺമെന്റിലെ പാവപ്പെട്ട തൊഴിലാളികൾ

54 വിധവപെൻഷൻ ലഭിക്കുന്നവർ

55 മറ്റു സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നവർ

56 വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നവർ

57 അഗതി മന്ദിരങ്ങളിലെ അന്തേവാസികൾ

58 എച്ച് ഐവി അണുബാധിതർ

59 അന്ത്യോദയ അന്നയോജനയിലും മുൻഗണനയിലും ഉൾപ്പെട്ട(മഞ്ഞയും പിങ്കും കളർ)റേഷൻ കാർഡ് ഉടമകൾ

60 1000/- രൂപയൊ അതിൽ താഴെയോ ഇ.പി.എഫ്. പെൻഷൻകാർ

61 കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങൾ

62 ഓച്ചിറയിൽ അന്തേവാസികളായി ജീവിക്കുന്ന 204 വൃദ്ധജനങ്ങൾ

63 പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ കശുവണ്ടിതൊഴിലാളി ക്ഷേമനിധി ബോർഡിലെ ഇ.എസ്.ഐ ആനുകൂല്യം ഇപ്പോൾ ലഭിക്കാത്തവർ

64 ചികിത്സാർത്ഥം സംസ്ഥാന മുൻഗണന ലിസ്റ്റിൽ ഉൾപ്പെട്ട റേഷൻ കാർഡ് ഉടമകൾ

65 കേരള കള്ള് ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ (പ്രീമിയം വിഹിതം ക്ഷേമനിധി ബോർഡ് നൽകുന്നത്)

66 ചുമട്ടുതൊഴിലാളി തൊഴിലാളി ക്ഷേമ ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾ (ബോർഡിൽ നിന്നും ചികിത്സ ആനുകൂല്യം ലഭിക്കാത്ത തൊഴിലാളികൾ)